## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 327 06/01/2014-ൽ മറുപടിക്ക്

### അട്ടപ്പാടി ഊരുകളിൽ വിതരണം ചെയ്ത ഭക്ഷ്യ ധാന്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ഭക്ഷ്യ വസ്തുക്കൾ നൽകിയിട്ടും ആദിവാസികൾ കഴിക്കാത്തതാണ് അട്ടപ്പാടിയിലെ പ്രശ്നം എന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കാമോ; | (എ) | വിലയിരുത്തിയിട്ടില്ല. |
| (ബി) | അട്ടപ്പാടിയിലെ ഊരുകൾ എത്രയാണെന്നും, എല്ലാ ഊരുകളിലും കൂടി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2013 ജൂൺ അവസാനം വരെ വിതരണം ചെയ്യപ്പെട്ട ഭക്ഷ്യ ധാന്യങ്ങൾ എത്രയാണെന്നും വിശദമാക്കാമോ; | (ബി) | അട്ടപ്പാടിയിൽ 192 ഊരുകളിലായി 10893 പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യ സഹായ പദ്ധതി പ്രകാരം 2011-12, 2012-13, 2013-14 വർഷങ്ങളിൽ ഓരോ കുടുംബത്തിനും 10 കിലോഗ്രാം അരിയും 2 കിലോഗ്രാം ചെറുപയറും വിതരണം ചെയ്തിട്ടുണ്ട്.<br><br>2011 ഓണക്കാലത്ത് എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 10 കിലോഗ്രാം അരി വീതം വിതരണം ചെയ്തു. 2012 ഓണത്തിനോടനുബന്ധിച്ച് എല്ലാ കുടുംബങ്ങൾക്കും 15 കിലോ അരി, 500 ഗ്രാം ചെറുപയർ, 500 ഗ്രാം പഞ്ചസാര, 250 ഗ്രാം മുളക്, 500 ഗ്രാം ശർക്കര, 500 ഗ്രാം വെളിച്ചെണ്ണ, എന്നിവ വിതരണം ചെയ്തു. 2013 ഓണക്കാലത്ത് എല്ലാ കുടുംബങ്ങൾക്കും 15 കിലോ അരി, 500 ഗ്രാം ചെറുപയർ, 500 ഗ്രാം പഞ്ചസാര, 500 ഗ്രാം മുളക്, 500 ഗ്രാം ശർക്കര, 500 ഗ്രാം വെളിച്ചെണ്ണ എന്നിവയും നൽകിയിരുന്നു.<br><br>2013 ഏപ്രിൽ മാസം അട്ടപ്പാടിയിൽ പട്ടികവർഗ്ഗക്കാർക്കിടയിൽ പോഷണക്കുറവ് ഉണ്ടെന്ന റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ |

| | | | |
|---|---|---|---|
| | | | 10 കിലോ അരി, 2 കിലോ ചെറുപയർ, എന്നിവ ഏപ്രിൽ, മേയ് മാസങ്ങളിലും തുടർന്നുള്ള മൂന്നു മാസങ്ങളിൽ 10 കിലോ റാഗി, 1 കിലോ ചെറുപയർ, 500 ഗ്രാം തുവരപരിപ്പ്, 500 ഗ്രാം കടലയും വീതം വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ആദിവാസി ഊരുകളിൽ താമസിക്കുന്ന ആദിവാസികളുടെ എണ്ണവും, വിതരണം ചെയ്യപ്പെട്ട ഭക്ഷ്യ വസ്തുക്കളുടെ അളവും ആളൊന്നിന് പ്രതിദിനം എത്ര ഗ്രാം വീതമായിരുന്നു എന്നു വിശദമാക്കാമോ? | (സി) | അട്ടപ്പാടിയിലെ 10893 പട്ടികവർഗ്ഗ കുടുംബങ്ങളിലായി 30460 പട്ടികവർഗ്ഗക്കാർ ഉണ്ട്. ഇവർക്കായാണ് 'ബി' പിരിവിൽ പരാമർശിച്ച ഭക്ഷ്യ വസ്തുക്കൾ നൽകിയിട്ടുള്ളത്. ആളോഹരി കണക്കാക്കാതെ കുടുംബത്തെ അടിസ്ഥാനമാക്കിയാണ് ഭക്ഷണ സാധനങ്ങൾ നൽകിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**